# FOURTEENTH KERALA LEGISLATIVE ASSEMBLY
First Session

## BULLETIN-PART I
(Brief Record of Proceedings)

Wednesday, June 29, 2016

**No. 6**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

**Questions:**

Three questions in the list of questions posted for the day were answered orally.

**Election of Deputy Speaker:**

Speaker informed the House that two Members viz, Shri. I. C. Balakrishnan and Shri. V. Sasi have been duly nominated as candidates for election as Deputy Speaker and that hence Election became necessary.The Member cast their votes through secret ballot. Speaker did not cast his vote. Sri. V. Sasi secured 90 votes and Shri. I. C. Balakrishnan secured 45 votes and one vote was invalid. Shri. V. Sasi was declared elected as Deputy Speaker.

**Adjournment Motion:**

After hearing the Chief Minister the Speaker withheld the consent to the moving of an adjournment motion given notice of by Shri. P. T. Thomas and two other Members regarding the situation reported to have arisen due to the transfer of Government employees, violating norms for general transfer which reportedly caused difficulties among employees of the State.

**Calling Attention:**

(1) Shri. K. Suresh Kurup called the attention of the Minister for Finance and Coir to the necessity to urge the Central Government to take steps to withdraw the decision to merge SBT with SBI, which was reported to adversely affect the interests of the State. Minister made a

statement thereto.

(2) Shri. Parakkal Abdulla called the attention of the Minister for Agriculture to the necessity to implement the remedial measures and long term schemes to solve the problems reported to be faced by the coconut farmers in the state. Minister made a statement thereto.

## Papers laid on the Table:

The following papers were laid on the Table

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 4102, 4122, പതിമൂന്നാം സമ്മേളനത്തില 565, പതിനാലാം സമ്മേളനത്തിലെ 506, 515, 528, 1704, 2105, 3276, 4692, പതിനഞ്ചാം സമ്മേളനത്തിലെ 72, 90, 100, 108, 115, 134, 1918,1945, 3604, പതിനാറാം സമ്മേളനത്തിലെ 60, 105, 130, 140, 164, 169, 172, 193,584, 1848, 3130, 3144, 3206 പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 289, 614, 2305, പതിനഞ്ചാം സമ്മേളനത്തിലെ 570, 576, 601, 603, 2339, പതിനാറാം സമ്മേളനത്തിലെ 553, 571, 590, 596, 598, 2168, 2170, 2181 പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ 5124, പത്താം സമ്മേളനത്തിലെ 356, പതിമൂന്നാം സമ്മേളനത്തിലെ 2801 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## Discussion on the Motion of thanks to the Governor's Address:

Discussion on the Motion of Thanks to the Governor's Address resumed. The following Members participated in the discussion.

Shri. B. Sathyan
Shri.Adoor Prakash
Smt. E. S. Bijimol
Shri. T. V. Ibrahim
Shri. C. K. Saseendran
Shri. C. F. Thomas
Shri. Thomas Chandy
Shri. P. K. Sasi
Shri. P. C. George
Shri. R. Ramachandran
Shri.M. Noushad

Shri. Roji. M. John
Shri. Purushan Kadalundy
Shri. P. V. Anvar
Shri. M. Ummer
Shri. K. Ansalan
Shri. V. P. Sajeendran
Shri. James Mathew

The discussion was not concluded.

The House adjourned at 2.37 p.m. to meet again at 8.30 a.m on Thursday June 30, 2016.

P. Jayalekshmi,
Secretary-in-Charge.

പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം - I

## (നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

## 2016 ജൂൺ 29, ബുധൻ

### നമ്പർ : 6

രാവിലെ 8.30 ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ്:

നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്ക് ശ്രീ. ഐ. സി. ബാലകൃഷ്ണൻ, ശ്രീ. വി. ശശി എന്നീ അംഗങ്ങൾ നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ളതായും രണ്ടു പേരുകൾ നിർദ്ദേശിക്കപ്പെട്ടതിനാൽ തെരഞ്ഞെടുപ്പ് ആവശ്യമാണെന്നും സ്പീക്കർ സഭയെ അറിയിച്ചു അംഗങ്ങൾ രഹസ്യ ബാലറ്റിലൂടെ വോട്ട് രേഖപ്പെടുത്തി. സ്പീക്കർ വോട്ട് രേഖപ്പെടുത്തിയില്ല തെരഞ്ഞെടുപ്പിൽ ശ്രീ. വി. ശശിക്ക് 90 വോട്ടും ശ്രീ. ഐ. സി. ബാലകൃഷ്ണന് 45 വോട്ടും ലഭിച്ചു. ഒരു വോട്ട് അസാധുവായി. ശ്രീ. വി. ശശിയെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുത്തതായി സ്പീക്കർ പ്രഖ്യാപിച്ചു

അടിയന്തര പ്രമേയം:

പുതിയ സർക്കാർ അധികാരമേറ്റശേഷം മാനദണ്ഡങ്ങൾ പാലിക്കാതെ നടത്തിക്കൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന പൊതു സ്ഥലംമാറ്റം മൂലം ജീവനക്കാർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളെ തുടർന്ന് സംസ്ഥാനത്ത് ഉളവായിട്ടുള്ള സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ശ്രീ. പി. ടി. തോമസും മറ്റ് രണ്ട് അംഗങ്ങളും ചേർന്ന് നോട്ടീസ് നൽകിയ അടിയന്തര പ്രമേയത്തിന് മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

ശ്രദ്ധക്ഷണിക്കൽ:

(1) സംസ്ഥാന താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് പറയപ്പെടുന്ന എസ്.ബി.ടി. യെ എസ്.ബി.ഐ. യിൽ ലയിപ്പിക്കാനുള്ള തീരുമാനം പിൻവലിക്കുന്നതിനായി ഇടപെടുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. കെ. സുരേഷ് കുറുപ്പ് ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) സംസ്ഥാനത്തെ കേര കർഷകർ നേരിടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങളിലേക്കും അവയുടെ പരിഹാരത്തിനായുള്ള നടപടികളുടെയും ദീർഘകാല പദ്ധതികളുടെയും ആവശ്യകതയിലേക്കും ശ്രീ. പാറക്കൽ അബ്ദുല്ല കൃഷി വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

## മേശപ്പുറത്തു വച്ച കടലാസുകൾ

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വച്ചു.

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 4102, 4122, പതിമൂന്നാം സമ്മേളനത്തില 565, പതിനാലാം സമ്മേളനത്തിലെ 506, 515, 528, 1704, 2105, 3276, 4692, പതിനഞ്ചാം സമ്മേളനത്തിലെ 72, 90, 100, 108, 115, 134, 1918,1945, 3604, പതിനാറാം സമ്മേളനത്തിലെ 60, 105, 130, 140, 164, 169, 172, 193,584, 1848, 3130, 3144, 3206 പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 289, 614, 2305, പതിനഞ്ചാം സമ്മേളനത്തിലെ 570, 576, 601, 603, 2339, പതിനാറാം സമ്മേളനത്തിലെ 553, 571, 590, 596, 598, 2168, 2170, 2181 പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ 5124, പത്താം സമ്മേളനത്തിലെ 356, പതിമൂന്നാം സമ്മേളനത്തിലെ 2801 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച പുനരാരംഭിച്ചു

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. ബി. സത്യൻ
ശ്രീ. അടൂർ പ്രകാശ്
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ടി. വി. ഇബ്രാഹിം
ശ്രീ. സി. കെ. ശശീന്ദ്രൻ
ശ്രീ. സി. എഫ്. തോമസ്
ശ്രീ. തോമസ് ചാണ്ടി
ശ്രീ. പി. കെ. ശശി
ശ്രീ. പി. സി. ജോർജ്ജ്
ശ്രീ. ആർ. രാമചന്ദ്രൻ
ശ്രീ. എം. നൗഷാദ്
ശ്രീ. റോജി എം. ജോൺ
ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. പി. വി.അൻവർ

ശ്രീ. എം. ഉമ്മർ
ശ്രീ. കെ. ആൻസലൻ
ശ്രീ. വി. പി.സജീന്ദ്രൻ
ശ്രീ. ജെയിംസ് മാത്യു

ചർച്ച പൂർത്തിയായില്ല.

2016 ജൂൺ 30-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 2.37 ന് സഭ പിരിഞ്ഞു.

പി. ജയലക്ഷ്മി
സെക്രട്ടറി-ഇൻ-ചാർജ്ജ്.